# കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് 3-1-2014-ലെ സ. ഉ. (പി) 1/2014/ഉഭപവ നമ്പർ ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 6/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, 2019 ആഗസ്റ്റ് 24.**

പരാമർശം:—(1) 3-1-2014-ലെ സ. ഉ. (പി) 1/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(2) 19-7-2014-ലെ സ. ഉ. (പി) 21/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(3) 28-5-2015-ലെ സ. ഉ. (പി) 16/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(4) 20-6-2015-ലെ സ. ഉ. (പി) 19/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(5) WP (C) No. 40183/2017-ലും അനുബന്ധ കേസുകളിലും ബഹു. ഹൈക്കോടതി 24-9-2018-ൽ പുറപ്പെടുവിച്ച വിധിന്യായം.

(6) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22-6-2019-ലെ AV (1)/4607/16/GW നമ്പർ കത്ത്.

## ഉത്തരവ്

വിവിധ വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് എൽ. ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള തസ്തികമാറ്റത്തിനുള്ള അവസരസമത്വം ഉറപ്പാക്കുന്നതിലേക്കായി വിവിധ വകുപ്പുകളിലെ തസ്തിക മാറ്റത്തിനുള്ള അനുപാതം 10%-മായി ഏകീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദനുസൃതമായി വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

2. പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് സിവിൽ ജുഡീഷ്യറി, റവന്യൂ എന്നീ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ടി വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന വിശേഷാൽ ചട്ടപ്രകാരം എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് യഥാക്രമം 40%, 15% തസ്തികമാറ്റ സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. എന്നാൽ 3-1-2014-ലെ ഉത്തരവ് അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിന് വിരുദ്ധമാവുകയും ടി വകുപ്പുകളിലെ സ്ഥാനക്കയറ്റ സാധ്യതകളെ വലിയൊരളവിൽ തകിടം മറിക്കുകയും ചെയ്തതിനാൽ അസംതൃപ്തരായ ജീവനക്കാർ നിയമപരമായ തീർപ്പുണ്ടാകുന്നതിന് ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതിന് പ്രേരിതരാകുകയും, പരാമർശം 5-ാമതായി വായിച്ച വിധിന്യായപ്രകാരം ടി വിഷയം രണ്ടുമാസത്തിനകം തീർപ്പാക്കുന്നതിന് ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. താഴ്ന്ന വിഭാഗം ജീവനക്കാരുടെയും എൽ. ഡി. ക്ലർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെയും കേഡർ സ്ട്രങ്ത് വിവിധ വകുപ്പുകളിൽ വ്യത്യസ്തമാണ്. സിവിൽ ജുഡീഷ്യറി, റവന്യൂ, പൊതുമരാമത്ത് പോലുള്ള വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാരുടെ കേഡർ സ്ട്രങ്ത് എൽ. ഡി. ക്ലർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രങ്തുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലാണെന്ന വസ്തുത പരിഗണിക്കാതെയാണ് 3-1-2014-ൽ തസ്തികമാറ്റ നിയമനത്തിനുള്ള അനുപാതം ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. തസ്തികമാറ്റം മുഖേനയുള്ള സ്ഥാനക്കയറ്റ നിയമന അനുപാതത്തിൽ കൊണ്ടുവന്ന ഏകീകരണം തങ്ങളുടെ സ്ഥാനക്കയറ്റത്തിനുള്ള സാധ്യത മന്ദീഭവിപ്പിച്ചു എന്ന പ്രസ്തുത വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ആവലാതിക്ക് കഴമ്പുണ്ടെന്നും പ്രസ്തുത സർക്കാർ ഉത്തരവിന്റെ യഥാർത്ഥ ഉദ്ദേശ്യം പ്രായോഗികതലത്തിൽ സഫലീകരിക്കാനായിട്ടില്ലെന്നും ആയതിനാൽ 3-1-2014-ന് മുൻപ് വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതത് വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പത്ത് ശതമാനത്തിനു മുകളിൽ നിലനിന്നിരുന്ന തസ്തികമാറ്റ സ്ഥാനക്കയറ്റ അനുപാതം നിലനിർത്തിക്കൊണ്ടും 10%-ൽ താഴെയുണ്ടായിരുന്ന വകുപ്പുകളിൽ അത് 10% ആയി നിജപ്പെടുത്തിക്കൊണ്ടും 3-1-2014-ലെ സ. ഉ. (പി) 1/2014/ഉഭപവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതവും നീതിപൂർവവുമായിരിക്കും എന്ന് സർക്കാർ വീക്ഷിക്കുന്നു.

4. മേൽ സാഹചര്യത്തിൽ 3-1-2014-ന് മുൻപ് വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനു മേൽ തസ്തികമാറ്റനിയമനം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

5. 3-1-2014-ലെ സ. ഉ. (പി) 1/2014/ഉ. ഭ. പ. വ. നമ്പർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

6. മേൽ പരാമർശം 5-ാമതായി വായിച്ച ബഹു. ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ഗോപാലകൃഷ്ണ ഭട്ട്,
*സെക്രട്ടറി.*

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും/ ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.